## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 601 19.3.2013 ലെ മറുപടിക്ക്**

**ചരക്ക്-സേവന നികുതി (ജി.എസ്.ടി) നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീമതി കെ. എസ്. സലീഖ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | ചരക്ക്-സേവന നികുതി (ജി.എസ്.ടി) നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടു വച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്നും വ്യക്തമാക്കുമോ ; | (എ) | ചരക്ക് സേവന നികുതി നിയമം നടപ്പിലാക്കുന്നതിനുള്ള ഭരണഘടന ഭേദഗതി ബിൽ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ പരിഗണനയിലാണ്. ജി.എസ്.ടി.യുടെ ഘടനയെക്കുറിച്ചും നിരക്കുകളെക്കുറിച്ചും ഐ.ജി.എസ്.ടി സംവിധാനത്തിൽ അന്തർ സംസ്ഥാന ക്രെഡിറ്റ് എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടുന്നുത് എന്നും, ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാര പാക്കേജിന്റെ സമവാക്യം തുടങ്ങിയ കാര്യങ്ങളെപ്പറ്റിയുള്ള ഉദ്യോഗസ്ഥതല ചർച്ചകൾ എംപവേർഡ് കമ്മിറ്റിയിൽ നടന്നുവരുന്നതേയുള്ളൂ. ഇതു പൂർത്തിയായി ഒരു വ്യക്തമായ ധാരണ ഉരുത്തിരിഞ്ഞ ശേഷം മാത്രമേ കേന്ദ്രം ഇതിനെപ്പറ്റി സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായുകയുള്ളു. |
| (ബി) | ഈ നികുതി നിർദ്ദേശങ്ങളോടുള്ള മുൻ സർക്കാരിന്റെ സമീപനം എന്തായിരുന്നു എന്നും ഇപ്പോൾ നയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്നും | (ബി) | ജി.എസ്.ടി. പ്രാപ്യ സ്ഥാനത്ത് നികുതി ലഭ്യമാകുന്ന സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഗുണകരമായിരിക്കും എന്ന മുൻ സർക്കാരിന്റെ |

| | | | |
|---|---|---|---|
| | എങ്കിൽ അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ; | | അഭിപ്രായം തന്നെയാണ് ഇപ്പോഴത്തെ സർക്കാരിന്റേയും അഭിപ്രായം. |
| (സി) | നിയമം നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം നികത്താൻ എന്തെങ്കിലും പ്രത്യേക പാക്കേജ് നിർദ്ദേശിച്ചിട്ടുണ്ടോ ; | (സി) | സംസ്ഥാനങ്ങൾക്കുള്ള വരുമാന നഷ്ടം നികത്തുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.<br>പ്രത്യേക പാക്കേജ് ഇതുവരെ രൂപീകൃതമായിട്ടില്ല.<br>ഉദ്യോഗസ്ഥതല ചർച്ചകൾ എംപവേർഡ് കമ്മിറ്റി മുൻപാകെ നടന്നുവരുന്നതേയുള്ളു. |
| (ഡി) | ജി.എസ്.ടി.യിൽ ഒരു പങ്ക് നിശ്ചയിക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ അവകാശം ഉറപ്പുവരുത്താൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ; | (ഡി) | സംസ്ഥാനങ്ങൾക്കുകൂടി പങ്കുള്ള ഒരു ജി.എസ്.ടി. ഘടനയാണ് ഇപ്പോഴത്തെ ചർച്ചയിൽ ഉള്ളത്. |
| (ഇ) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാർ കേന്ദ്ര ധനകാര്യ മന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | ചർച്ച ചെയ്തിരുന്നു. സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകളായ പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം എന്നിവയെ ജി.എസ്.ടി..യുടെ പരിധിയിൽ നിന്നും ഒഴിവാക്കുക, ചെറുകിട കച്ചവടക്കാരെ ഇരട്ട നികുതി സംവിധാനത്തിൽ നിന്നും ഒഴിവാക്കുക, പ്രാദേശിക പ്രാമുഖ്യമുള്ള ചരക്കുകൾക്ക് നികുതി നിരക്ക് നിശ്ചയിക്കുവാൻ സംസ്ഥാനങ്ങൾക്ക് അനുമതി നൽകുക, സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ട ബെറ്റിംഗ് & ഗാംബ്ളിംഗ് ജി.എസ്.ടി.യുടെ പരിധിയിൽ നിന്നും ഒഴിവാക്കുക എന്നിവയാണ് ചർച്ചയിൽ സംസ്ഥാനം മുന്നോട്ടു വച്ച വിഷയങ്ങൾ. |

(signature)

സെക്ഷൻ ഓഫീസർ